## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ: നജീബ് എച്ച്.)**

സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം-ശ്രീ. ജിലീഷ്.എ. എൽ. ഡി ടൈപ്പിസ്റ്റിന് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം.2713/എസ്റ്റാ.ഡി 4/2016/സി.ആർ.ഡി തീയതി : 30.07.2022**

---

പരാമർശം:- 1) സ.ഉ.(പി) നം.27/2021/ധന തീയതി 10.02.2021
2) ഈ ഓഫീസിലെ 06.07.2022-ലെ ഇതേ നമ്പർ നടപടിക്രമം
3) മലപ്പുറം ജില്ലാ കളക്ടറുടെ 14.07.2022 ലെ ആർഡിi6-1783/2022 നമ്പർ ഉത്തരവ്

**ഉത്തരവ്**

ടൈപ്പിസ്റ്റ് തസ്തികയിൽ 31.05.2022-ൽ 6 ടൈപ്പിസ്റ്റുമാർ വിരമിച്ചിട്ടുള്ളതിനാൽ 6 ഒഴിവുകൾ വന്നിട്ടുണ്ട്. പരാമർശം (2) പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ഏറ്റവും സീനിയറായ 6 പേർക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കും യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ ആറ് പേർക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കും മേൽ സ്ഥാനക്കയറ്റം നൽകുമ്പോൾ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ആറ് ഒഴിവുകളിൽ 5 ഒഴിവുകളിലേക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയറായ അഞ്ച് പേർക്കും സ്ഥാനക്കയറ്റം നല്കി ഉത്തരവായിരുന്നു. എൽ.ഡി ടൈപ്പിസ്റ്റ് സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (1) ആയ ശ്രീ.ജിലേഷ്.എ പ്രസ്തുത സമയത്ത് നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ നിരീക്ഷണകാലയളവ് പൂർത്തീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് ടിയാന് സ്ഥാനക്കയറ്റം നൽകുന്നതാണെന്ന് അറിയിച്ചിരുന്നു.

വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി ടൈപ്പിസ്റ്റായ ശ്രീ.ജിലേഷ്.എ 03.04.2022 പൂർവ്വാഹ്നം മുതൽ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ തുടർന്നുള്ള ഒരു ഒഴിവിലേക്ക് എൽ.ഡി.ടൈപ്പിസ്റ്റ് സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (1) ആയ ശ്രീ.ജിലേഷ്.എയ്ക്ക് (815671) 01/06/2022 പ്രാബല്യത്തിൽ 35600-75400 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ടിയാന്റെ പ്രൊമോഷൻ സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട മേലധികാരികൾ ജീവനക്കാരന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മലപ്പുറം
2) ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, വേങ്ങര
3) സിസ്റ്റം സൂപ്പർവൈസർ, സി.ആർ.ഡി
4) എസി&എഡി സെക്ഷൻ, സി.ആർ.ഡി
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്